"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

നം.ഇ8/2229/15/സിഇ/തസ്വഭവ (1) തീയതി : 26.07.2017

# സർക്കുലർ

വിഷയം:- തസ്വഭവ (എൻജിനീയറിംഗ് വിഭാഗം) - കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളമാകണമെന്ന സർക്കാരിന്റെ പ്രഖ്യാപിത നയം നടപ്പിലാക്കുന്നത്-സംബന്ധിച്ച്.

സൂചന:-1. 14.03.2017 തീയതിയിൽ സംസ്ഥാനതല ഔദ്യോഗിക ഭാഷാ സമിതി യോഗനടപടി ക്കുറിപ്പ്.
2. 29.07.2016 -ലെ ഉദ്യോഗസ്ഥഭരണ (ഔദ്യോഗികഭാഷ) പരിഷ്ക്കാര വകുപ്പിന്റെ സർക്കുലർ നം. 3641/ഔ.ഭാ.3/2016
3. 13.11.2015-ലെ സർക്കാർ സർക്കുലർ നം. 20540/ഔ.ഭാ.3/15/ഉ.ഭ.പ.വ
4. 04.02.2006-ലെ സ.ഉ.(സാ.ധാ) നം. 21/2006/ഉഭപവ നം. സർക്കാർ ഉത്തരവ്.
5. 09.05.2012-ലെ സ.ഉ (സാ.ധാ) നം. 186/2012/ഉഭപവ നം. സർക്കാർ ഉത്തരവ്.

************************************************

മേൽ സൂചന (3) ലെ സർക്കുലർ പ്രകാരം, ഈ വകുപ്പിലെ ഫയലുകളിൽ, കോടതികൾ/ സമാന്തര സ്ഥാപനങ്ങൾ എന്നിവിടങ്ങളിലൊഴികെയുള്ളവ മലയാളത്തിൽ കൈകാര്യം ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ സൂചന (1), (2) എന്നിവ പ്രകാരം കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, ഹൈക്കോടതി/സുപ്രീംകോടതി, ഇതര സംസ്ഥാനങ്ങൾ/രാജ്യങ്ങൾ, ന്യൂനഭാഷാധിഷ്ഠിതമായ കത്തിടപാടുകൾ, ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിലെ പ്രത്യേക പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങൾ ഒഴികെ മറ്റെല്ലാ ഔദ്യോഗിക കാര്യങ്ങൾക്കും മലയാളം മാത്രം ഉപയോഗിക്കണമെന്ന് കർശന നിർദ്ദേശം ലഭിച്ചിരിക്കുകയാണ്. ടി നിർദ്ദേശങ്ങൾ ലംഘിക്കുന്ന സർക്കാർ ജീവനക്കാർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) റൂൾസ് പ്രകാരം, സൂചന (4),(5) സർക്കാർ ഉത്തരവുകൾ പ്രകാരവും അച്ചടക്ക നടപടി സ്വീകരിക്കുവാൻ സർക്കാരിന് അധികാരമുള്ളതായി സൂചന (1) മുഖേന അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച് മേൽ പറഞ്ഞിരിക്കുന്ന സാഹചര്യങ്ങളിലൊഴികെ ഉത്തരവുകൾ/സർക്കുലറുകൾ/കത്തിടപാടുകൾ എന്നിവ മലയാളത്തിൽ തന്നെ കൈകാര്യം ചെയ്യേണ്ടതാണ് എന്ന് കർശന നിർദ്ദേശം നൽകുന്നു.

ചീഫ് എൻജിനീയർ

പകർപ്പ്:-1) ഈ കാര്യാലയത്തിലെ എല്ലാ ജീവനക്കാരുടേയും അറിവിലേക്കായി.
2) എല്ലാ സൂപ്രണ്ടിംഗ് എൻജിനീയർമാർക്കും (ഉത്തരമേഖല/ദക്ഷിണ മേഖല/കോർപ്പറേഷൻ/ കെ.എസ്.ആർ.ആർ.ഡി.എ)
3) എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും.(ജില്ലാപഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ/ പി.ഐ.യു)
4) എല്ലാ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
5) എല്ലാ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും.
6) ഫയൽ/കരുതൽ ഫയൽ.

S 1242